(സി) 45.19 കോടി രൂപ എൻ.സി.ഡി.സി. സർക്കാരിന് നൽകിയിട്ടുണ്ട്. 2014-15 ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിനായി 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എൻ.സി.ഡി.സി. സർക്കാരിലേക്ക് നൽകിയ തുക മില്ലിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നിലവിൽ മില്ലിന്റെ കടബാധ്യത 400.97 ലക്ഷം രൂപയാണ്. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

	(തുക ലക്ഷം രൂപയിൽ)
പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ	120.35
ഇലക്ട്രിസിറ്റി ചാർജ്ജ്	43.32
പി.എഫ്.	98.08
ഇ.എസ്.എ.	10.67
ഗ്രാറ്റുവിറ്റി	36.72
ശമ്പളം	57.50
മറ്റ് കടിശ്ശികകൾ	34.33
ആകെ	400.97

(ഇ) മില്ലിൽ ഇപ്പോൾ ആകെയുള്ള മെഷീനുകളിൽ 52% പ്രവർത്തനസജ്ജമാണ്. മിൽ പ്രവർത്തിക്കുമ്പോൾ എല്ലാ മെഷീനുകളും പ്രവർത്തിക്കുമായിരുന്നു. ഇപ്പോൾ മിൽ 100% ലേ ഓഫാണ്.

(എഫ്) മില്ലിൽ ഇപ്പോൾ 301 സ്ഥിരം തൊഴിലാളികളും 26 ഓഫീസ് ജീവനക്കാരും 145 ടെയിനികളുമുണ്ട്. ഇവർക്ക് 2019-2015 വരെ ജോലി നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ലേ ഓഫാണ്.

(ജി) മിൽ നവീകരണത്തിനുള്ള തുക കൈമാറുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പൂർണ്ണ തോതിൽ നവീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ കഴിയും.

ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റം

239 (606) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സാധ്യമാക്കുവാൻ സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുകയെന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ എന്ന പ്രോജക്ട് വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. സാധാരണക്കാരന് അവരുടെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ സേവനങ്ങളുടെ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും. വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.-യിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, വി.എച്ച്.എസ്.ഇ. എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. 25 ഇ-ഡിസ്ട്രിക്ട് സേവനങ്ങളും ഇതുവഴി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി ഭരണതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റിയും സ്റ്റേറ്റ് പ്രോജക്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസി.

ടെൽക്കിന്റെ പ്രവർത്തനം

240 (607) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി.-യുടെ കഹൽഗാവ് പ്രോജക്ടിൽ ടെൽക്കിന് ലഭിച്ച 19 കോടി രൂപയുടെ ഓർഡർ ടെൽക് ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്താണെന്നും ഇതുമൂലം കമ്പനിക്ക് ഉണ്ടായ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly